# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 നവംബർ 6

# വാർത്താക്കുറിപ്പ്

## പരീക്ഷകേന്ദ്രത്തിൽ മാറ്റം

ഒന്നാം സെമസ്റ്റർ പി.ജി. സപ്ലിമെന്ററി പരീക്ഷകൾക്ക് റാന്നി സെന്റ് തോമസ് കോളേജ് പരീക്ഷകേന്ദ്രമായി തെരഞ്ഞെടുത്തിരിക്കുന്ന വിദ്യാർഥികൾ തുടർന്നുള്ള ദിവസങ്ങളിലെ പരീക്ഷകൾക്ക് കോഴഞ്ചേരി സെന്റ് തോമസ് കോളേജിൽ എത്തണം.

(പി.ആർ.ഒ/39/1109/2020)

## അപേക്ഷതീയതി

ഒന്നും രണ്ടും സെമസ്റ്റർ ബി.എ./ബി.കോം. (സി.ബി.സി.എസ്. - 2019 അഡ്മിഷൻ റഗുലർ/2017, 2018 അഡ്മിഷൻ റീഅപ്പിയറൻസ് - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾക്ക് പിഴയില്ലാതെ നവംബർ 11 വരെയും 525 രൂപ പിഴയോടെ 12 വരെയും 1050 രൂപ സൂപ്പർഫൈനോടെ 13 വരെയും അപേക്ഷിക്കാം. വിദ്യാർഥികൾ പേപ്പറൊന്നിന് 35 രൂപ വീതം (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം. കൂടാതെ അപേക്ഷഫോമിന്റെ വിലയായി 30 രൂപ പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. epay.mgu.ac.in എന്ന വെബ് സൈറ്റിലൂടെ ഓൺലൈനായി ഫീസടയ്ക്കണം. ബി.എ. വിദ്യാർഥികൾ അസിസ്റ്റന്റ് രജിസ്ട്രാർ 4 (പരീക്ഷ)നും ബി.കോം. വിദ്യാർഥികൾ അസിസ്റ്റന്റ് രജിസ്ട്രാർ 10 (പരീക്ഷ)നും അപേക്ഷ നൽകണം. വിശദവിവരം സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1110/2020)

## അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസിൽ എം.പി.ഇ.എസ്. 2020-21 അഡ്മിഷന് പ്രവേശന പരീക്ഷയെഴുതിയ വിദ്യാർഥികളുടെ സ്പോർട്സ് അച്ചീവ്മെന്റ് മാർക്ക് ചേർത്ത അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. സർവകലാശാല വെബ് സൈറ്റിൽ പട്ടിക ലഭിക്കും.

(പി.ആർ.ഒ/39/1111/2020)

## പരീക്ഷഫലം

2019 ഒക്ടോബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ് സി. കമ്പ്യൂട്ടർ എൻജിനീയറിംഗ് ആന്റ് നെറ്റ്വർക്ക് ടെക്നോളജി (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 19 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1112/2020)

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ് സി. മാത്തമാറ്റിക്സ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 19 വരെ സർവകലാശാല വെബ് സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1113/2020)

## സെനറ്റ് തെരഞ്ഞെടുപ്പ്; വോട്ടർപട്ടിക ഡിസംബർ ഏഴിന്

മഹാത്മാഗാന്ധി സർവകലാശാല സെനറ്റിൽ സർവകലാശാല അധ്യാപകരുടെ മണ്ഡലത്തിലെ ഒരംഗത്തിന്റെ ഒഴിവ് നികത്തുന്നതിന് മുന്നോടിയായി തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു. തെരഞ്ഞെടുപ്പിനുള്ള പ്രാഥമിക വോട്ടർ പട്ടിക ഡിസംബർ ഏഴിന് ഓഫീസിലും സർവകലാശാല വെബ് സൈറ്റിലും പ്രസിദ്ധീകരിക്കും.

(പി.ആർ.ഒ/39/1114/2020)

**എ. അരുൺകുമാർ**

പബ്ലിക്റിലേഷൻസ്ഓഫീസർ

# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 നവംബർ 6

# വാർത്താക്കുറിപ്പ് - 2

## ബ്ലോക്ക് പഞ്ചായത്തുകൾക്ക് 'നെടുമങ്ങാട് മാതൃക' - എം. ജി. സർവകലാശാല വികസന വെബിനാർ ഇന്ന് (നവംബർ 7)

മഹാത്മാഗാന്ധി സർവകലാശാലയുടെ അന്തർസർവകലാശാല സാമൂഹികശാസ്ത്ര-ഗവേഷണ കേന്ദ്രം കേരള സർക്കാരിന്റെ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന പ്രാദേശിക വികസന വെബിനാർ ഇന്ന് (നവംബർ 7) വൈകീട്ട് ആറിന് നടക്കും. 'നെടുമങ്ങാട് മാതൃകയും ബ്ലോക്ക് പഞ്ചായത്തുകളും: പ്രാദേശിക വികസനത്തിന്റെ പാഠങ്ങൾ' എന്ന വിഷയത്തെക്കുറിച്ച് ഗൂഗിൾ മീറ്റ് പ്ലാറ്റ് ഫോമിലാണ് ചർച്ച. കേരളസർവകലാശാല സാമ്പത്തികശാസ്ത്രവകുപ്പിലെ ഡോ. മഞ്ജു എസ്.നായർ മുഖ്യപ്രഭാഷണം നടത്തും.

സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ചെയർമാനും സംസ്ഥാന പ്ലാനിങ് ബോർഡ് അംഗവുമായ പ്രൊഫ. കെ.എൻ. ഹരിലാൽ അധ്യക്ഷത വഹിക്കും. ദേശീയ പുരസ്കാരം നേടിയ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി. ബിജു, സംസ്ഥാന ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ആർ. സുഭാഷ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ എക്സിക്യൂട്ടീവ് കോഓർഡിനേറ്റർ കെ.ബി. മദൻ മോഹൻ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുക്കും. കോട്ടയം, ഇടുക്കി, പത്തനംതിട്ട, എറണാകുളം ജില്ലകളിലെ ബ്ലോക്ക് പഞ്ചായത്ത് ഭാരവാഹികളും ഉദ്യോഗസ്ഥരും വെബിനാറിൽ പങ്കെടുക്കും.

ബ്ലോക്ക് പഞ്ചായത്തുകളുടെ ശാക്തീകരണവും പുതിയ വികസന ചുവടുവയ്പുകളും വെബിനാർ ചർച്ച ചെയ്യും. പരിസ്ഥിതി-സൗഹൃദവും ജനപങ്കാളിത്തവുമുള്ള വികസന സംരംഭങ്ങൾക്ക് 'നെടുമങ്ങാട് മാതൃക' എങ്ങനെ ബ്ലോക്ക് പഞ്ചായത്തുകൾക്കു പ്രയോജനപ്പെടുത്താം എന്ന കാര്യം ചർച്ചയിൽ പ്രധാന വിഷയമാണ്.

(പി.ആർ.ഒ/39/1115/2020)

## ബി.ബി.എ. എൽ.എൽ.ബി. പൊതുപ്രവേശന പരീക്ഷ 21ന്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. ഓണേഴ്സ് പ്രവേശനത്തിനുള്ള പൊതുപ്രവേശന പരീക്ഷ നവംബർ 21ന് രാവിലെ 11 മുതൽ 12.30 വരെ നടക്കും. ഹാൾടിക്കറ്റുകൾ അപേക്ഷകരുടെ ഇമെയിലിലേക്ക് അയയ്ക്കും. വിശദവിവരത്തിന് ഫോൺ: 0481-2310165, 8921438168, 8547487677, 9567065247, 8884555198.
(പി.ആർ.ഒ/39/1114/2020)

(പി.ആർ.ഒ/39/1116/2020)

## Webinar

The Inter University Centre for Social Science Research and Extension (IUCSSRE), Mahatma Gandhi University is hosting a Local Development Webinar on “Nedumangad ‘Model’ and Block Panchayats: Lessons from Local Development” in association with the State Resource

Group, Government of Kerala. The Development Webinar is held in the background of empowering Block Panchayats under the three-tier system of Panchayat Raj Institutions in Kerala. The Nedumangad 'Model' is discussed as a replicable one as the Nedumangad Block won the Deen Dayal Upadhyay Panchayat Sashaktikaran Puraskar instituted by the Union Ministry of Panchayati Raj for the last three years.

The Webinar will be held on Saturday, 7 November at 6.30 PM on Google Meet Platform. Dr. Manju S. Nair, Faculty at the Department of Economics, University of Kerala will deliver the keynote presentation. Prof K.N. Harilal, Chairman, State Resource Group and Member, State Planning Board will the chairing the session. The Discussants of the Webinar include Sri. Biju B., President, Nedumangad Block Panchayat, Sri. R. Subhash, President, All Kerala Block Panchayat Association, Sri. K.B. Madan Mohan, Executive Co-ordinator, All Kerala Grama Panchayat Association and others. Officials of the Block Panchayats of Kottayam, Idukki, Pathanamthitta and Ernakulam districts will take part in the Webinar.

**എ. അരുൺകുമാർ**

പബ്ലിക്റിലേഷൻസ്ഓഫീസർ